## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 580** 09.02.2016- ൽ മറുപടിക്ക്

## "ടെക്നോളജി ക്ലിനിക്ക്"

**ചോദ്യം** **ഉത്തരം**

**ശ്രീ. ചിറയം ഗോപകുമാർ**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ടെക്നോളജി ക്ലിനിക്ക് പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ, ഭക്ഷ്യ സുരക്ഷാ നിയമം, പാക്കേജിംഗ്, കിഴങ്ങു വർഗ്ഗങ്ങളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, മെഷിനറി കാറ്റലോഗ് ഷോ, റബ്ബർ അധിഷ്ഠിത മൂല്യ വർദ്ധിത ഉൽപന്നങ്ങൾ, പാരമ്പര്യേതര ഊർജ്ജ വ്യവസായങ്ങൾ, പാൽ ഉൽപന്നങ്ങൾ, പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾ, ബാർ കോഡിംഗ്, ചക്കയുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ, ക്വാളിറ്റി സ്റ്റാൻഡേർഡ്സ് എന്നീ മേഖലകളിലെ നൂതന ആശയങ്ങൾ സംരംഭകർക്ക് വിശദമാക്കുന്നതിനും അതുവഴി പുതിയ സംരംഭകരെ ഈ മേഖലകളിലേക്ക് ആകർഷിക്കുന്നതിനും അവർക്ക് വേണ്ട കൈത്താങ്ങ് നൽകുന്നതിനും വേണ്ടിയാണ് ടെക്നോളജി ക്ലിനിക് സംഘടിപ്പിച്ചത്. |
| ബി) | പ്രസ്തുത പരിപാടിക്കായി എത്ര തുക, ഏതെല്ലാം വിധത്തിൽ ചെലവിട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകൾക്ക് 80,000/- രൂപ വീതവും മറ്റു ജില്ലകൾക്ക് 90,000/- രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഓരോ ജില്ലയ്ക്കും 1 ലക്ഷം രൂപ വീതം ടെക്നോളജി ക്ലിനിക് പരിപാടിക്കായി അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | ടെക്നോളജി ക്ലിനിക്ക് ചെറുകിട വ്യവസായങ്ങളെ ശാക്തീകരിക്കുന്നതിന് എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം അറിയിക്കുമോ? | ഉണ്ട്. റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ, ചക്ക ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളുടെ ഭക്ഷ്യ സംസ്കരണം, പാരമ്പര്യേതര ഊർജ്ജ വ്യവസായം, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങി വൈവിധ്യമാർന്ന വ്യവസായ മേഖലകളിലെ സംരംഭകർക്ക് ടെക്നോളജി ക്ലിനിക്കുകളിലൂടെ നൂതനപരിശീലനമാണ് നൽകിയിട്ടുള്ളത്. പരിശീലനത്തിനു ശേഷം സംരംഭങ്ങൾ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പരിശോധിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാകുകയും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വിപണനം വർദ്ധിക്കുകയും തദ്വാരസാമ്പത്തിക പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ടെക്നോളജി ക്ലിനിക്കുകൾ സംരംഭകർക്ക് പ്രയോജനകരമാകത്തക്ക രീതിയിലാണ് നടപ്പാക്കിയിട്ടുള്ളത്. |

(signature)

**സെക്ഷൻ ഓഫീസർ**